പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2044 17.03.2015-ൽ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി.യിലെ റിസർവ് കണ്ടക്ടർ/റിസർവ് ഡ്രൈവർ നിയമനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.വി രാജേഷ് : | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നിലവിലുള്ള ലിസ്റ്റിൽ നിന്നും കെ.എസ്.ആർ.ടി.സി.യിലെ റിസർവ് കണ്ടക്ടർ/റിസർവ് ഡ്രൈവർ തസ്തികയിലേക്ക് എത്ര പേർക്ക് പി.എസ്.സി. നിയമന ശുപാർശ നൽകിയ കത്താണ് കെ.എസ്.ആർ.ടി.സി.ക്ക് ലഭിച്ചത്; | (എ) | പി.എസി.സി.യുടെ നിലവിലുള്ള ലിസ്റ്റിൽ നിന്നും കെ.എസ്.ആർ.ടി.സി.യിലെ റിസർവ്വ് കണ്ടക്ടർ തസ്തികയിലേക്ക് 9300 പേരുടേയും റിസർവ്വ് ഡ്രൈവർ തസ്തികയിലേയ്ക്ക് 3939 പേരുടേയും നിയമന ശുപാർശയാണ് കെ.എസ്.ആർ.ടി.സി.ക്ക് ലഭിച്ചത്. |
| (ബി) | ഇടതുപക്ഷ യുവജന സംഘടനകൾ നടത്തിയ സമരവുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ ഉറപ്പ് പാലിക്കുന്നതിന് പി.എസ്.സി നിയമന ശുപാർശ നൽകിയ എല്ലാവർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ടോ; | (ബി) | പി.എസ്.സി നിയമന ശുപാർശ നൽകിയ എല്ലാവർക്കും ഡ്രൈവർ തസ്തികയിൽ നിയമന ഉത്തരവ് നൽകിയെങ്കിലും കണ്ടക്ടർ തസ്തികയിൽ നിലവിലുള്ളതിനേക്കാൾ കൂടുതൽ ഒഴിവുകളിലേക്ക് അഡ്വൈസ് നൽകിയതിനാൽ മുഴുവൻ പേർക്കും നിയമന ഉത്തരവ് നൽകുവാൻ സാധിച്ചിട്ടില്ല. |
| (സി) | ഇപ്പോൾ എത്രപേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ? | (സി) | ഇപ്പോൾ ഡ്രൈവർ തസ്തികയിൽ 3939 പേർക്കും, കണ്ടക്ടർ തസ്തികയിൽ 5362 പേർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ